**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1819** **09-12-2022 - ൽ മറുപടിയ്ക്ക്**

**പൊക്കാളി പാടത്ത് അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള പൊക്കാളി ലാന്റ് ഡെവലപ്പ്മെന്റ് ഏജൻസി കഴിഞ്ഞ 5 വർഷക്കാലം പൊക്കാളി കൃഷിയുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികളും സർക്കാരിൽ നിന്നും കഴിഞ്ഞ 5 വർഷക്കാലം പി.എൽ.ഡി.എ.യ്ക്ക് ലഭ്യമായ ഫണ്ടിന്റെ വിശദാംശവും വ്യക്തമാക്കാമോ; | (എ) | പൊക്കാളി കൃഷിയുമായി ബന്ധപ്പെട്ട പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ത്രമ്പ് നിർമ്മാണം, പെട്ടി പറ, ബണ്ട്നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ പൊക്കാളി ലാന്റ് ഡെവലപ്പ്മെന്റ് ഏജൻസി (പി.എൽ.ഡി.എ.) മുഖേന, രാഷ്ട്രീയ കൃഷി വികാസ് യോജന (R.K.V.Y.) പദ്ധതി പ്രകാരമുള്ള വർക്കുകളാണ് ചെയ്തു കൊണ്ടിരിക്കുന്നത്. പദ്ധതി പ്രകാരം പൊക്കാളി കൃഷിയുടെ പുനരുദ്ധാരണത്തിനായി 2015-16 വർഷത്തിൽ 50 ലക്ഷം രൂപ അനുവദിക്കുകയും വിവിധ പഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർ ആവശ്യപ്പെട്ടതനുസരിച്ചുള്ള പ്രവർത്തികൾ പി.എൽ.ഡി.എ. മുഖേന ചെയ്തിട്ടുള്ളതുമാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷക്കാലം നടപ്പിലാക്കിയ പ്രവർത്തികളുടെ വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | പൊക്കാളി പാടത്ത് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ത്രമ്പ് നിർമ്മാണം, ബണ്ട് റിപ്പയർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കർഷകർക്ക് സഹായം നൽകുന്നതിന് കൃഷി വകുപ്പിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ 2022-2023 നെൽകൃഷി വികസന പദ്ധതിയിൽ Project based support for infrastructure development in Padashekharams for reviving paddy cultivation including block level convergence, promotion of local brands എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായുള്ള പ്രവർത്തികൾക്ക് സഹായം നൽകുന്നതിന് ഫണ്ട് ലഭ്യമാണ്. ആകെ 70.00 ലക്ഷം രൂപയാണ് ഇതിനായി ബജറ്റ് വിഹിതം നീക്കി വെച്ചിട്ടുള്ളത്. അഞ്ചു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവർത്തികൾക്ക് ജില്ലാ തല കമ്മിറ്റിയുടെ അംഗീകാരത്തോടെയും അഞ്ചു ലക്ഷം രൂപയിൽ അധികമുള്ള പ്രവർത്തികൾക്ക് സംസ്ഥാനതല കമ്മിറ്റിയുടെ അംഗീകാരത്തോടെയും പ്രവർത്തികൾ നടപ്പിലാക്കാവുന്നതാണ്. പൊക്കാളി പാടത്ത് |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ജ്രമ്പ് നിർമ്മാണം, ബണ്ട് റിപ്പയർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കർഷകർക്ക് സഹായം ലഭിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ് |
| (സി) | പൊക്കാളി പാടത്ത് യന്ത്രവത്കരണത്തിനായി ചെയ്തിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | പൊക്കാളി പാടത്ത് ഞാറ് നടീൽയന്ത്രം, ടില്ലർ എന്നിവ ചില ഭാഗങ്ങളിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. പൊക്കാളി പാടത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായ യന്ത്രസാമഗ്രികൾ തിരഞ്ഞെടുക്കുന്നതിനും പുതിയ യന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷക്കാലം നടപ്പിലാക്കിയ പ്രവർത്തികളുടെ വിവരങ്ങൾ**

| നമ്പർ | നടപ്പിലാക്കിയ വർക്കുകൾ | നൽകിയ തുക |
|---|---|---|
| 1 | കുമ്പളങ്ങി കൃഷി ഭവൻ പരിധിയിലുള്ള നാല് കർഷക സമിതിക്ക് കെയ്കോ അത്താണിയിൽനിന്നും ഗാർഡൻ ടില്ലർ 4 എണ്ണം നൽകിയത് | ₹ 206472 |
| 2 | ചെല്ലാനം കൃഷിഭവനു കീഴിലുള്ള നോർത്ത് ചെല്ലാനം പാടശേഖരത്തിൽ sluice ഷട്ടർ റിപ്പയർ ചെയ്തത് | ₹73084 |
| 3 | ചെല്ലാനം കൃഷിഭവനു കീഴിലുള്ള നോർത്ത് ചെല്ലാനം പാടശേഖരത്തിൽ പെട്ടി - പറ റിപ്പയർ ചെയ്തത് | ₹ 51370 |
| 4 | നായരമ്പലം കൃഷി ഭവന് കീഴിലുള്ള കാപ്പ് പാടശേഖരത്തിന് പെട്ടി പറ വൈദ്യുതീകരണത്തിനായി നൽകിയത് | ₹ 156170 |
| 5 | പള്ളിപ്പുറം കൃഷിഭവനു കീഴിലുള്ള പൊക്കാളി പാടശേഖരങ്ങളിലെ അഞ്ചു മോട്ടോറുകൾ പ്രളയത്തിൽ കേടുസംഭവിച്ചത് നന്നാക്കിയതിന് | ₹ 82000 |
| 6 | പ്രളയത്തിൽ പൊക്കാളി കൃഷി നശിച്ചുപോയതിനാൽ വിത്തിനുവേണ്ടി നൽകിയ തുക | ₹ 27000 |

| | | |
|---|---|---|
| 7 | തൊട്ടുപുഴയിലെ കുമാരമംഗലം കൃഷി ഭവനിൽ പൊക്കാളി ചെട്ടിവിരിപ്പ് നെൽവിത്ത് 300 കി.ഗ്രാം എത്തിച്ചതിന് വണ്ടി വാടക | ₹ 1800 |
| 8 | തൊട്ടുപുഴയിലെ കുമാരമംഗലം പാടശേഖരത്തിൽ കൃഷി ചെയ്ത 1550 കി.ഗ്രാം പൊക്കാളി ചെട്ടിവിരിപ്പ് നെല്ല് വാങ്ങുന്നതിനും, കൊയ്ത്തിന് മെതിയന്ത്രം ഉപയോഗിച്ചതിന് ചെലവ് നൽകുന്നതിനും തൊട്ടുപുഴയിലെ കുമാരമംഗലം പാടശേഖരത്തിൽ നിന്നും പൊക്കാളി നെല്ല് കടമക്കുടിയിൽ എത്തിച്ചതിനും വണ്ടിക്കൂലിയും കയറ്റിറക്ക് കൂലിയും മുതലായവ നൽകുന്നതിനും പൊക്കാളിനില വികസന ഏജൻസിയിൽനിന്നും നൽകിയ തുക. | ₹ 94400 |
| 9 | പൊക്കാളി ചെട്ടിവിരിപ്പ് നെല്ല് ഉണക്കി കാറ്റത്തുപിടിച്ച് വിത്താക്കി മാറ്റിയതിനായും ചാക്കിലാക്കി കളപ്പുരയിൽ അട്ടിയിട്ട് വച്ചതിനായും കൂലിച്ചിലവ് നൽകുന്നതിന് പി.എൽ.ഡി.എ. നൽകിയ തുക | ₹ 12750 |
| 10 | പൊക്കാളി നിലവികസന ഏജൻസിയിൽ നിന്നും ചെട്ടിവിരിപ്പ് നെല്ല് വിത്ത് 310 കി.ഗ്രാം കടമക്കുടിയിലെ കർഷകന് നൽകിയ വകയിൽ ലഭിച്ച തുക | ₹ 27900 |
| 11 | പൊക്കാളി നിലവികസന ഏജൻസിയിൽ നിന്നും ചെട്ടിവിരിപ്പ് നെല്ല് വിത്ത് 1000 കി.ഗ്രാം ഏഴിക്കര കൃഷിഭവനിൽ നൽകിയതിന് ലഭിച്ച തുക | ₹ 90000 |

**പൊക്കാളിനില വികസന ഏജൻസിയ്ക്ക് സർക്കാരിൽനിന്നും ലഭ്യമായ ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| നമ്പർ | വർഷം | ലഭിച്ച തുക |
|---|---|---|
| 1 | 2020-21 | ₹ 453000 |
| 2 | 2021-22 | ₹ 374500 |